# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **860** 30/10/2019-ൽ മറുപടിയ്ക്ക്

## <u>ആദിവാസി സമൂഹത്തിലെ ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ബാബു :** | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി സമൂഹത്തിലെ ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1. **<u>സാമൂഹിക പഠനമുറി</u>**<br>പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ലക്ഷ്യവച്ച് പഠന സൗകര്യം ഊരുകളിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br>2. **<u>ഗോത്രബന്ധു</u>**<br>പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം ലഘൂകരിക്കുക, പട്ടിക വർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്. വയനാട്, പാലക്കാട് എന്നിവിടങ്ങളിലായി 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.<br>3. **<u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>**<br>101 പട്ടികവർഗ്ഗകോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് **"അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം"**.<br>എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന **"കേരള ട്രൈബൽ പ്ലസ് പദ്ധതി"**, പട്ടികവർഗ്ഗ മേഖലകളിൽ ഒറ്റപ്പെട്ട്/ചിന്നിചിതറി താമസിക്കുന്ന കുടുംബങ്ങൾക്കായി കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ പദ്ധതിയിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന **"പി.കെ.കാളൻ കുടുംബ പദ്ധതി"** എന്നിവ കൂടി സംയോജിപ്പിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

**4. ഗോത്രവാത്സല്യനിധി**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിയാണ് **'ഗോത്രവാൽസല്യ നിധി'**.

**5. സമ്പൂർണ്ണ വൈദ്യുതീകരണം**

ടി പദ്ധതിയുടെ ഭാഗമായി 16.00 കോടി രൂപ ചെലവഴിച്ച് എല്ലാ പട്ടികവർഗ്ഗ ഊരുകളും ഭവനങ്ങളും വൈദ്യുതീകരിച്ചു വരുന്നു.

**6. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ**

ആധുനിക വൈദ്യ സഹായം എല്ലാ പട്ടികവർഗ്ഗ ക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടർ, പാരാമെഡിക്കൽ സേവനം ഉൾപ്പെടെ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കു കൾ സംസ്ഥാനമൊട്ടാകെ 2017-18 മുതൽ പ്രവർത്തനം ആരംഭിച്ചു.

**7. ഗോത്രജീവിക**

നിർമ്മാണ മേഖലയിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1170-പേർക്ക് പരിശീലനം നൽകി 54 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

**8. സമഗ്ര-ആദിവാസി സാക്ഷരത പരിപാടി**

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്ന തിനുമായി സാക്ഷരതാ മിഷൻ മുഖേന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ആദിവാസി സാക്ഷരതാപദ്ധതി.

**9. ഗോത്ര രശ്മി - സാമൂഹിക ശാക്തീകരണ പരിപാടി.**

പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നേതൃരംഗത്തേക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്.

**10. മില്ലറ്റ് വില്ലേജ് പദ്ധതി**

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായും അട്ടപ്പാടി പട്ടിക വർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി.

11. **<u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:</u>**

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ആറളം ഫാം, ചിങ്ങേരി ഫാം, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാം എന്നിവിടങ്ങളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്.

12. **<u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:</u>**

വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. 291 വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

13. **<u>ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ</u>**

ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ / സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെൻറ് ഉറപ്പ് വരുത്തുന്നു.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവെ റിക്രൂട്ട്മെൻറ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു. പി.എസ്.സി. വഴി പോലീസ്. എക്സൈസ് എന്നീ വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി വരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം, കിഫ്ബി മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികൾ, കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിര വികസന പദ്ധതികൾ, മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ, കരിയർ ഗൈഡൻസ് ജോബ് ഫെയർ തുടങ്ങിയ വിവിധ പദ്ധതികളും ആദിവാസി സമൂഹത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ